ഉത്തരം

(എ) 259 (ഇരുന്നൂറ്റി അമ്പത്തി ഒമ്പത്).

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി (1) തിരുവനന്തപുരം-മൈസൂർ (2) എറണാകുളം-മംഗലാപുരം (3) കാസർഗോഡ്-ബാംഗ്ലൂർ (2 സർവ്വീസ്) എന്നിവ തുടങ്ങുകയുണ്ടായി. നിലവിൽ 263 ട്രിപ്പുകൾ തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലേയ്ക്ക് സർവ്വീസ് നടത്തിവരുന്നു.

(സി) അന്തർ സംസ്ഥാന സർവ്വീസുകളുടെ വരുമാനം പ്രത്യേകമായി കെ.എസ്.ആർ.ടി.സി. തിട്ടപ്പെടുത്താറില്ല.

(ഡി) അന്തർ സംസ്ഥാന സർവ്വീസുകൾക്കുള്ള റൂട്ടുകൾ തീരുമാനിച്ചശേഷം ഇരു സംസ്ഥാനങ്ങളിലേയ്ക്ക് ഓടിക്കേണ്ട കിലോമീറ്ററിന്റെ അനുപാതത്തിൽ അന്തർ സംസ്ഥാന കരാറുകൾക്ക് രൂപം നൽകുന്നു.

(ഇ) ഉണ്ട്. അന്തർ സംസ്ഥാന റൂട്ടിൽ ഉൾപ്പെടുന്ന പ്രധാന സ്ഥലങ്ങളിലേയ്ക്ക് ട്രെയിൻ സമയം കൂടി കണക്കിലെടുത്താണ് ഷെഡ്യൂൾ രൂപപ്പെടുത്തുന്നത്.

അന്തർ സംസ്ഥാനങ്ങളിൽ സർവ്വീസ് നടത്തുന്ന വാഹനങ്ങളുടെ നികുതി

64 [5620] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്ന് അന്യസംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നതിന് അനുമതി നൽകിയിട്ടുള്ള യാത്രാബസ്സുകൾ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(ബി) അന്തർ സംസ്ഥാനങ്ങളിൽ സർവ്വീസ് നടത്തുന്ന ബസ്സുകളുടെ നികുതി നിരക്ക് എത്രവീതമാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ വാഹനങ്ങളുടെ നികുതി ഒടുവിലായി വർദ്ധിപ്പിച്ചത് എന്നാണ്; എത്ര വീതം വർദ്ധിപ്പിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) അന്യ സംസ്ഥാനങ്ങളിൽനിന്ന് സംസ്ഥാനത്തേയ്ക്ക് വരുന്ന യാത്രാ ബസ്സുകൾ എത്രയെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത വാഹനങ്ങളിൽനിന്ന് നികുതി ഇനങ്ങളിലായി വസൂലാക്കുന്ന സംഖ്യ എത്ര; ഏതൊക്കെ വിഭാഗങ്ങളിലായിട്ടാണ് ഈ നികുതി ഈടാക്കുന്നതെന്ന് വെളിപെടുത്താമോ;

(എഫ്) യാത്രാബസ്സുകൾക്കു പുറമെ ഇന്റർ സ്റ്റേറ്റ് പെർമിറ്റുള്ള എത്ര ടൂറിസ്റ്റ് ബസ്സുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ജി) ഈ വാഹനങ്ങളിൽ ഓരോ വർഷവും ശരാശരി ലഭിക്കുന്ന നികുതി വരുമാനം എത്രയാണെന്ന് പറയാമോ?

ഉത്തരം

(എ) അന്തർ സംസ്ഥാന കരാർപ്രകാരം 333 ബസ്സുകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.	..	263
പ്രൈവറ്റ്	..	70

ജില്ല തിരിച്ചുള്ള അടിസ്ഥാനത്തിൽ അല്ല ഈ അനുമതി നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സീറ്റുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. ത്രൈമാസത്തേയ്ക്ക്:

1. ഓർഡിനറി .. 600 രൂപ
2. ഫാസ്റ്റ് പാസഞ്ചർ /എക്സ്പ്രസ്സ് .. 690 രൂപ

നിന്ന് യാത്ര ചെയ്യുവാൻ അനുവദിക്കപ്പെട്ടിട്ടുള്ള ഓരോ യാത്രക്കാരനും:

എ. ഓർഡിനറി/ഫാസ്റ്റ്/എക്സ്പ്രസ്സ് .. 210 രൂപ
ബി. സിറ്റി/ടൗൺ പെർമിറ്റ് മാത്രമുള്ള ഓർഡിനറി/ഫാസ്റ്റ്/ .. 150 രൂപ
എക്സ്പ്രസ്സ് വാഹനത്തിന്

ഒരു വാഹനത്തിന്റെ സീറ്റിംഗ് കപ്പാസിറ്റിയുടെ (ഡ്രൈവർ, കണ്ടക്ടർ സീറ്റ് ഒഴികെ) 25% ആണ് അനുവദനീയമായ സ്റ്റാൻഡിംഗ് പാസഞ്ചേഴ്സിന്റെ എണ്ണം. സിറ്റി, ടൗൺ ബസ്സുകളിൽ സീറ്റിംഗ് കപ്പാസിറ്റിയുടെ 50% യാത്രക്കാരെ നിന്നു യാത്ര ചെയ്യാൻ അനുവദിച്ചിട്ടുണ്ട്.

(സി) യാത്രാ ബസ്സുകളുടെ നികുതി ഏറ്റവും ഒടുവിലായി വർദ്ധിപ്പിച്ചത് 1-10-2001 മുതലാണ്. (ബി)-യിൽ കാണിച്ചിരിക്കുന്ന (1) (2) (എ), (ബി) വിഭാഗങ്ങളിൽ യഥാക്രമം 200 രൂപ, 230 രൂപ, 70 രൂപ, 50 രൂപ എന്നീ പ്രകാരമാണ് വർദ്ധനവ് ഉണ്ടായിട്ടുള്ളത്.

(ഡി) 381.

(ഇ) ഉത്തരം ബി-യിൽ പ്രതിപാദിച്ച നികുതി നിരക്കുകൾ തന്നെയാണ് കേരളത്തിലേയ്ക്ക് പ്രവേശിക്കുന്ന ബസ്സുകൾക്കും അടയ്ക്കേണ്ടത്. നികുതി വിവിധ ആർ.ടി. ഓഫീസുകളിലാണ് ശേഖരിക്കുന്നത്. ആയതിനാൽ മൊത്തത്തിൽ വസൂലാക്കുന്ന സംഖ്യ വിവിധ ഓഫീസുകളിൽനിന്നും ശേഖരിച്ചു നൽകുന്നതാണ്.

(എഫ്) 56.

(ജി) ആൾ ഇൻഡ്യാ പെർമിറ്റുള്ള ടൂറിസ്റ്റ് ബസ്സുകൾക്ക് സീറ്റൊന്നിന് ത്രൈമാസത്തേയ്ക്ക് 1,400 രൂപയായിരുന്നു നികുതി ഈടാക്കിയിരുന്നത്. എന്നാൽ എസ്.ആർ.ഒ. നമ്പർ 584/03 പ്രകാരം ഇത് 2,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ടി വാഹനങ്ങളിൽനിന്നും ഏകദേശം ഒരു കോടി രൂപ നികുതിയിനത്തിൽ ലഭിക്കുന്നുണ്ട്.

തമിഴ്നാട് ട്രാൻസ്പോർട്ട് കേരളാതിർത്തിയിൽ നടത്തുന്ന അനധികൃത സർവ്വീസുകൾ

65 [5621] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂർണ്ണമായും ദേശസാൽക്കരിക്കപ്പെട്ട റൂട്ടുകളിൽ കെ. എസ്. ആർ. ടി. സി.-യും മറ്റു സംസ്ഥാന ട്രാൻസ്പോർട്ടുകളും എത്ര ബസ്സുകൾ ഇന്റർ-സ്റ്റേറ്റ് ആയി ഓടിക്കുന്നു എന്ന് വ്യക്തമാക്കുമോ; ഇതിന് സർക്കാർ അംഗീകരിച്ച മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly